C 391

5289

File No.IT-B1/208/2015-ITD-Part(1)

OFFICE OF THE DIRECTOR OF SOCIAL JUSTICE
27 APR 2019
TRIVANDRUM

KERALA STATE IT MISSION
2 MAR 2019
THIRUVANANTHAPURAM

**കേരള സർക്കാർ**

നമ്പർ.ഐ.ടി-ബി 1/208/2015/വി.സാ.വ
ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13/03/2019

<u>സർക്കുലർ</u>

**വിഷയം:- ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്- ജി.ഐ.എസ്. മാപ്പിങ്- സർക്കാർ സ്ഥാപനങ്ങളുടെ സ്ഥാനം ഡിജിറ്റൽ രൂപടത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ- സംബന്ധിച്ച്.**

Tanu Urgent
25/3/19

2018 ൽ സംസ്ഥാനത്ത് നാശം വിതച്ച പ്രളയത്തിന്റെ കെടുതികളിൽ നിന്ന് കരകയറുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സർക്കാർ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നിർവ്വഹിച്ചുവരുന്നത്. കേരളത്തെ പൂർവ്വസ്ഥിതിയിൽ കൊണ്ടു വരുന്നതിനും ഒരു നവകേരള സൃഷ്ടിക്കുമായി വിവര സാങ്കേതിക വിദ്യയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ വേഗത്തിലുള്ള പൂർത്തീകരണത്തിന് കാലികമായി മാറ്റം വരുത്തിയിട്ടുള്ള ഡിജിറ്റൽ രൂപടങ്ങൾ അനിവാര്യമായി വരുന്നു. മാത്രമല്ല ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച് കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) എന്ന പദ്ധതി വഴി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുവാനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും, അടിയന്തര ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഒരുക്കുന്നതിനും, നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ കൃത്യമായ സ്ഥാനം സംബന്ധിച്ച വിവരങ്ങളടങ്ങുന്ന ഒരു ഡിജിറ്റൽ രൂപടം (ജി.ഐ.എസ്. മാപ്പ്) തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി

www.mapmyoffice.in എന്ന വെബ് സൈറ്റ് തയ്യാറാക്കുകയും വിവരശേഖരണത്തിന് ആവശ്യമായ പ്രാഥമിക സാങ്കേതിക വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത സംരംഭത്തിന്റെ ആദ്യഘട്ടമായി സർക്കാർ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും സ്ഥിതി വിവരങ്ങൾ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവര ശേഖരണത്തിനായി ചുവടെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഓരോ വകുപ്പിന്റെയും കൈവശം നിലവിലുള്ള ജി.ഐ.എസ്. വിവരങ്ങൾ www.mapmyoffice.in എന്ന വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ വകുപ്പ് മേധാവികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

2. ജി.പി.എസ് സംവിധാനം ലഭ്യമായ സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഓരോ ഓഫീസിന്റെയും വിവരങ്ങൾ വെബ് സൈറ്റിൽ രേഖപ്പെടുത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ ഓഫീസ് മേധാവി ചുമതലപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഓഫീസുകളുടെ വിവരങ്ങൾ മേൽ വെബ് സൈറ്റിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

3. എല്ലാ വകുപ്പ് മേധാവികളും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെത്തട്ടിലെ ബന്ധപ്പെട്ട ഓഫീസുകൾക്ക് നൽകേണ്ടതും വകുപ്പിലെ എല്ലാ ഓഫീസുകളും ജി.ഐ.എസ്. ഭൂപടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. ജില്ലാ കളക്ടർമാർ ജില്ലകളിലെ എല്ലാ സർക്കാർ/വിദ്യാഭ്യാസ/പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്ഥാനം പ്രസ്തുത വെബ് സൈറ്റിൽ രേഖപ്പെടുത്തി എന്ന് ഉറപ്പാക്കേണ്ടതാണ്.

5. ജില്ലാതല ജി.ഐ.എസ്. മാപ്പിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവര ശേഖരണം ഉറപ്പുവരുത്തുന്നതിനുമായി ഓരോ ജില്ലയിലും ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ജി.ഐ.എസ്. മാപ്പിങ്ങിന്റെ നോഡൽ ഓഫീസറായി ജില്ലാ കളക്ടർ ചുമതലപ്പെടുത്തേണ്ടതാണ്.

6. ജി.ഐ.എസ്. മാപ്പിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സാങ്കേതികമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റിയുടെ പ്രോജക്ട് മാനേജർമാരെ ബന്ധപ്പെടാവുന്നതാണ്.

**File No.IT-B1/208/2015-ITD-Part(1)**

7. ജി.ഐ.എസ്. മാപ്പിങ്ങിന്റെ എല്ലാ പ്രവർത്തനങ്ങളും 2019 മാർച്ച് 31-നകം പൂർത്തിയാക്കേണ്ടതാണ്.

8. ജി.ഐ.എസ്. മാപ്പിങ്ങ് സംബന്ധിച്ച വിശദമായ നടപടി റിപ്പോർട്ട് ഐ.ടി മിഷൻ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ടോം ജോസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ
സെക്രട്ടറിയേറ്റിലെ ധനം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പുമേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും (ബന്ധപ്പെട്ട വകുപ്പ് മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ജി & എസ്.എസ്.എ), തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

പുറത്തെഴുത്ത് നം. 5289/19 തി. 28/5/19

ജില്ലാ ഓഫീസ് മേധാവികൾക്ക്

സർക്കുലറിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ.
Rajasree P. K.
Joint Director
Directorate of Socia
Thiruvananthapura